# വാറിംഗ്ടണിൽ സീറോ മലബാർ ദിനാഘോഷം വർണ്ണാഭമായി; ലണ്ടനിൽ ശനിയാഴ്ച

Jul 29, 2015 | 10:45 |



**അപ്പച്ചൻ കണ്ണഞ്ചിറ**

ലണ്ടൻ: ലിവർപ്പൂളിന് സമീപം വസിക്കുന്ന പ്രവാസി സഭാംഗങ്ങൾ വാറിംഗ്ടണിൽ വച്ചു സംഘടിപ്പിച്ച സീറോ മലബാർ സഭാ ദിനാഘോഷം വർണ്ണാഭമായി. തദ്ദേശീയരെയും കൂടെ സജീവമായി പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ സഭാ ദിനാഘോഷത്തിൽ പ്രശസ്ത സംഗീതജ്ഞനും, ഗവേഷകനുമായ റവ. ഡോ. ജോസഫ് പാലക്കൽ സിഎംഐ ഇംഗ്ലിഷ് ഭാഷയിൽ ആഘോഷമായ സീറോ മലബാർ പാട്ടു കുർബ്ബാന അർപ്പിച്ചു. ഇടവക വികാരി ഫാ: ക്രിസ്റ്റഫറും, ഡീക്കനും, സീറോ മലബാർ വൈദികരായ റോയി, സഖറിയാസ് കാഞ്ഞൂപറമ്പിൽ എന്നിവരോടൊപ്പം

സഹകാർമ്മീകരായി.

പുരാതന സുറിയാനി ഗീതമായ "പുഖ്ദാനകോൻ' ആലപിച്ചു കൊണ്ടാണ് പരിശുദ്ധ കുർബ്ബാന ആരംഭിച്ചത്. "പുഖ്ദാനകോൻ' "കന്തീശാ ആലാഹാ' എന്നീ സുറിയാനി ഗീതങ്ങൾ ഇംഗ്ലീഷ് സമൂഹത്തെയും വളരെയധികം ആകർഷിച്ചു. കർത്താവിന്റെ ഭാഷയിൽ ഈ ഗീതങ്ങൾ ആലപിക്കുവാൻ കഴിഞ്ഞതിൽ അഭിമാനകരമായി തോന്നുന്നതായി പങ്കെടുത്ത ചിലർ അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ് കമ്മ്യൂണിറ്റിയുടെ ആരാധനയിലും ഈ സുറിയാനി ഗീതങ്ങൾ ഉൾപ്പെടുത്തുവാനുള്ള കാര്യങ്ങളും പരിഗണനയിലാണ്.



സീറോ മലബാർ സഭയുടെ പരിശുദ്ധ സൂനഹദോസിന്റെ തീരുമാന പ്രകാരം ആദ്യ ഭാഗം ജനാഭിമുഖമായി അനാഫോറയും, കുർബ്ബാന സ്വീകരണവും അൾത്താരാഭിമുഖമായും അവസാന ആശീർവ്വാദം ജനാഭിമുഖമായും ആണ് ഇവിടെ കുർബ്ബാന അർപ്പിക്കപ്പെട്ടത്. ഇംഗ്ലണ്ട് ആന്റ് വെയിൽസിന്റെ കത്തോലിക്കാ സഭയുടെ തലവനും കൂടിയായ കാർഡിനൽ വിൻസെന്റ് നിക്കോൾസ് ഇംഗ്ലണ്ടിലും, വെയിൽസിലും അർപ്പിക്കപ്പെടുന്ന സീറോ മലബാർ കുർബ്ബാനകൾ പരിശുദ്ധ സൂനഹദോസ് തീരുമാന പ്രകാരം മാത്രമായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട് എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. കുർബ്ബാനയെ തുടർന്ന് നടന്ന സെമിനാറിൽ റവ. ഡോ. ജോസഫ് പാലക്കൽ ഏതാനും ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

കേരളത്തിലെ സുറിയാനി ഭാഷാ പഠനത്തെ പറ്റി കാണിച്ച ചിത്രത്തിൽ എറണാകുളത്തെ പള്ളുരുത്തി പള്ളിയിലെ കുട്ടികളുടെ ഗായക സംഘം പാടിയ "ബേദാദ് യൗമാൻ' എന്ന സുറിയാനി ഗീതവും, എറണാകുളത്തെ തന്നെ കടവന്ത്ര പള്ളിയിലെ സൺഡേ സ്കൂൾ കുട്ടികൾ കുർബ്ബാനയിൽ "ലാ കുമാറാ' എന്ന സുറിയാനി ഗീതവും ഏവരെയും ഹഠാതാകർഷിച്ചു. സീറോ മലബാർ സഭ ഇക്കാലത്തും ആരാധനയിൽ സുറിയാനി ഉൾപ്പെടുത്തുന്നതിനെയും, പുതു തലമുറ സുറിയാനി ഭാഷ പഠിക്കുവാൻ താൽപ്പര്യം കാണിക്കുന്നതിനെയും അവർ പ്രകീർത്തിച്ചു.



സീറോ മലബാർ സഭയുടെ പൗരാണികത്വത്തെ വിളിച്ചോതുന്ന ശ്ലീവാകളുടെയും, കൽക്കുരിശുകളുടെയും, കരിങ്കൽ ലിഖിതങ്ങളുടെയും മ്യൂറൽ ചിത്രങ്ങൾ ഉൾപ്പെട്ട പോസ്റ്റർ പ്രദർശനവും ഏവരെയും ആകർഷിച്ചു. സെമിനാറിൽ ധാരാളം ചോദ്യങ്ങൾ ചോദിച്ചു കൊണ്ട് ഇംഗ്ലീഷ് കമ്മ്യൂണിറ്റി ഇക്കാര്യത്തിലുള്ള തങ്ങളുടെ അതീവ താൽപ്പര്യം പ്രകടിപ്പിച്ചു. പ്രവാസികളായ പുതു തലമുറകളെ നമ്മുടെ വിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുവാനും, പ്രവാസി സീറോ മലബാർ സഭാംഗങ്ങളെ ഇംഗ്ലീഷ് കത്തോലിക്ക സമൂഹത്തിൽ പ്രതിഷ്ഠിക്കുവാനും സഹായകമായിത്തീർന്ന ഈ ആഘോഷം സീറോ മലബാർ സഭാംഗങ്ങൾക്ക് ഏറെ അഭിമാനം പകർന്നു.